**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3875** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കൽപ്പറ്റ മണ്ഡലത്തിലെ വെങ്ങപ്പള്ളി, പൊഴുതന, കോട്ടത്തറ, പടിഞ്ഞാറത്തറ, മേപ്പാടി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആണ് ഇപ്പോൾ ഇ – ഹെൽത്ത് നടപ്പിലാക്കിവരുന്നത്. ഇതിൽ വെങ്ങപ്പള്ളി കുടുംബാരോഗ്യ കേന്ദ്രങ്ങത്തിൽ ഇ – ഹെൽത്ത് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു. നെറ്റ് വർക്കിംഗ്, ഹാർഡ് വെയർ, ബ്രോഡ്ബാൻഡ്കണക്ടിവിറ്റി എന്നിവ പൂർത്തിയാക്കുന്ന മുറയ്ക്ക് മറ്റുള്ള ആശുപത്രികളിലും ഇ ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ ചെലവഴിച്ച തുകയെത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഒരോ ആശുപത്രികളുടെയും വലിപ്പം പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകി വരുന്ന സേവനങ്ങൾ എന്നിവ യുടെ അടിസ്ഥാനത്തിൽ ഒ ാരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ പദ്ധതി നിർവഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒ ാരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാ റാക്കിയിട്ടാണ് ഇ ഹെൽത്ത് പ്രവർത്ത നങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ ഹെൽത്ത് നടപ്പിലാക്കുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (സി) | ഇ-ഹെൽത്ത് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ആശുപത്രി സംവിധാനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതി ആണ് 'ഇ – ഹെൽത്ത് '. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, “ഒരു പൗരന് ഒരു Electronic Health Record [EHR]”എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തിലൂന്നി കേരള ത്തിലെ എല്ലാ സർക്കാർ ആശുപത്രിക ളെയും Computer Network മുഖേന ബന്ധ പ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഒാരോ വ്യക്തിക്കും ആധാർ നമ്പർ അടിസ്ഥാനമാക്കി ഒരു UHIDനൽകുന്നു. ഇ ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രി യിൽ ചികിത്സ തേടുമ്പോൾ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനിക്കൽ ഡീറ്റെയിൽസ്) ഡോക്ടർക്ക് ഒാൺലൈനായി ലഭ്യമാകുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു. ഒപി ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാ നത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ഫാർമസികളിലും, ലാബറട്ടറികളിലും എക്സ്റേ കൗണ്ടറിലും ഒാൺലൈനായി എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽ സമയം ലഭ്യമാകുന്നു. വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശു പത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർ ചികിത്സകൾക്കു വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സ സംഗ്രഹം ഒാൺ ലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർ ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്കു തങ്ങളുടെ ചികിത്സാസംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. |

സെക്ഷൻ ഓഫീസർ